(ബി) കെ.യു.ഡി.എഫ്.സി.യെ സംസ്ഥാനത്തെ ലോക്കൽ ഏജൻസിയായി നിയോഗിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരത്തെ റൂറൽ ഡെവലപ്മെന്റ് ബോർഡും കെ.യു.ഡി.എഫ്.സിയും സംയോജിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള നഗര വികസന ധനസഹായ കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചത് 1970-ൽ ആണ്. നഗരസഭകളുടെ പ്രത്യുൽപ്പാദനപരവും അല്ലാത്തതുമായ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുകയും അവയുടെ പ്രവർത്തന മേഖലയിൽ ലാഭം കൂടുന്നതിനുവേണ്ട മറ്റു സഹായങ്ങൾ ചെയ്യുകയുമാണ് പ്രധാന ഉദ്ദേശം. ഇതിന്റെ അംഗീകൃത മൂലധനം രണ്ടര കോടി രൂപയും അടച്ചു തീർത്ത മൂലധനം 96.04 ലക്ഷം രൂപയുമാണ്.

(ബി) നഗരസഭകളിൽ നടപ്പാക്കുന്ന സാമൂഹ്യക്ഷേമപരമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലുള്ള ധനസഹായം ലഭ്യമാക്കുന്ന നോഡൽ ഏജൻസിയായി കെ.യു.സി.എഫ് പദ്ധതിയെ അംഗീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം നിർദ്ദേശം ഒന്നും പരിഗണനയിലില്ല.

ഹജ്ജ് ഹൗസ് നിർമ്മിക്കാൻ നടപടി

100(3188) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽനിന്ന് ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവർക്കുവേണ്ടി വിമാനത്താവളത്തിന് സമീപം ദേശീയ പാതയോരത്ത് ഒരു ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) അടുത്ത ഹജ്ജ് തീർത്ഥാടനത്തിനു മുൻപ് ഹജ്ജ് ഹൗസിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്ന നിലയിൽ ജി.സി.ഡി.എ.യുടെ സഹകരണം ഇതിനായി പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) ഹജ്ജ് തീർത്ഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമായിട്ടുള്ള ഒരു കോംപ്ലക്സായി "ഹജ്ജ് ഹൗസ്" രൂപകൽപ്പം (രൂപകൽപ്പന) ചെയ്യുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly